**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – തിരുമാറാടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30/10/2019, 12/11/2019 തീയതികളിലെ തീരുമാനങ്ങൾ - കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായ് റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.324/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി 06/02/2020.**

---

പരാമർശം:- 1) ശ്രീ. കുര്യാക്കോസ്.കെ.ജെ. കൈതമനയുടെ 31/08/2019 ലെ അപേക്ഷ.
2) തിരുമാറാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/10/2019, 12/11/2019 തീയതികളിലെ യഥാക്രമം 45/1, 1(1) തീരുമാനങ്ങൾ.
3) തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/11/2019, 17/12/2019 തീയതികളിലെ എ 4-3562/19 നമ്പർ കത്തുകൾ.
4) 20/11/2019 ലെ RB1/469/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ശ്രീ. കുര്യാക്കോസ് കെ.ജെ. നിർമ്മാണം പൂർത്തീകരിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ എഞ്ചിനീയറിംഗ് വിംഗ് നടത്തിയ സാങ്കേതിക അന്വേഷണത്തിൽ നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 27(5) ലംഘിച്ചുകൊണ്ടാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും, പ്രസ്തുത വിഷയം പുന:പരിശോധിക്കണമെന്ന അപേക്ഷകന്റെ അപേക്ഷയിൻമേൽ, 30/10/2019 ലെ പഞ്ചായത്ത് ഭരണസമിതിയിൽ പ്രമേയമായി അവതരിപ്പിച്ചിട്ടുള്ളതും, അപേക്ഷകന് നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിനാലും നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് ടി പെർമിറ്റിന് അനുസൃതമായതിനാലും ഒക്യുപ്പൻസി അനുവദിക്കുന്നതിന് ഭരണസമിതി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 27(5) ലംഘിച്ചുകൊണ്ടായതിനാൽ ടി തീരുമാനം പുനപരിശോധിക്കണമെന്ന് സെക്രട്ടറി കമ്മിറ്റിയെ അറിയിക്കുകയും ടി വിഷയം പുനപരിശോധിക്കുന്നതിനായി 12/11/2019 തീയതിയിൽ ഭരണസമിതി യോഗം ചേരുകയും, മുൻ കമ്മിറ്റി തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. എന്നാൽ 30/10/2019, 12/11/2019 തീയതികളിലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 27(5) ലംഘിച്ചുകൊണ്ടാണെന്നതിനാൽ, പ്രസ്തുത വിഷയം 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടം പ്രകാരം തുടർ നടപടിയ്ക്കായി പരാമർശം (3) ലെ 13/11/2019 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുന്നത് സംബന്ധിച്ച് 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടം 5- ൽ പരാമർശിക്കുന്നത് പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ സർക്കാർ പരാമർശം 4 പ്രകാരം സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടുകയും, പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം 17-ാം നമ്പർ അജണ്ടയായി കത്ത് ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്ത് മുൻ തീരുമാനത്തിൽ തന്നെ ഉറച്ചുനിൽക്കുന്നുവെന്ന് പരാമർശം (3) ലെ 17/12/2019 കത്ത് പ്രകാരം സെക്രട്ടറി, തിരുമാറാടി റിപ്പോർട്ട് ചെയ്തു. ആയതിൻപ്രകാരം പെർമിറ്റ് അനുവദിച്ച ഉദ്യോഗസ്ഥർ ആരായിരുന്നുവെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാർ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടം പ്രകാരം 191 (2) ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും 191(4) പ്രകാരം പരാമർശം 2 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജുകുമാർ. എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ,
കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം, ആമുഖ കത്തോട്ടുകൂടി)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

പ്രസിഡന്റ്, തിരുമാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം

സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ